(ഡി) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനാ നിർദ്ദേശവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ള 1050 സ്കീമുകൾ പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞാൽ മാത്രമേ പമ്പ് ഓപ്പറേറ്റർമാരുടെ സ്ഥിരം ഒഴിവുകൾ കണക്കാക്കി നിയമനം നടത്തുവാൻ കഴിയുകയുള്ളൂ.

(ഇ) ഇല്ല.

കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽ റണ്ണിംഗ് കോൺട്രാക്ട് എടുക്കുന്നവർക്ക് പ്ലംമ്പിംഗ് ലൈസൻസ്

76 [1055] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ റണ്ണിംഗ് കോൺട്രാക്ട് എടുക്കുന്നവർക്ക് പ്ലംമ്പിംഗ് ലൈസൻസ് വേണമെന്ന് നിബന്ധനയുണ്ടോ;

(ബി) എങ്കിൽ ഈ നിബന്ധന ഇപ്പോൾ റണ്ണിംഗ് കോൺട്രാക്ട് നൽകിയിട്ടുള്ളവർക്ക് ബാധകമാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ റണ്ണിംഗ് കോൺട്രാക്ട് എടുക്കുന്നവർക്ക് പ്ലംമ്പിംഗ് ലൈസൻസ് വേണമെന്ന് നിബന്ധനയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുത്തൂരിലെ പ്രിമോ പൈപ്പ് ഫാക്ടറി

77 [1056] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് പുത്തൂരിൽ സ്ഥാപിച്ചിരുന്ന കേരള പ്രിമോ പൈപ്പ് ഫാക്ടറിയുടെ കെട്ടിടവും സ്ഥലവും ഇപ്പോൾ സൂക്ഷിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണ്;

(ബി) ഈ കെട്ടിടത്തിലുണ്ടായിരുന്ന പ്രിമോ പൈപ്പ് ഫാക്ടറിയുടെ സാധന സാമഗ്രികൾ വിറ്റിട്ടുണ്ടോ; എങ്കിൽ എന്ത് വിലയ്ക്കാണ് വിൽപ്പന നടന്നിട്ടുള്ളത് എന്നു വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥലം വൈദ്യുതി ബോർഡിനോ, കേരള വാട്ടർ അതോറിറ്റിക്കോ കൈമാറുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ എലത്തൂർ പഞ്ചായത്തിൽ പുത്തൂരിലെ കേരള പ്രിമോ പൈപ്പ് ഫാക്ടറിയുടെ കെട്ടിടവും സ്ഥലവും ഇപ്പോൾ ഇതിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും ആയ കേരള വാട്ടർ അതോറിറ്റി കൊല്ലം പബ്ലിക് ഹെൽത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അധീനതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly